# കുടുംബശ്രീ മാതൃക നടപ്പാക്കാൻ തൃപുരയും

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ മാതൃകയാക്കാൻ തൃപുരയും. ഇതു സംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ തൃപുര സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അരൂപ് രത്തൻ ശർമ എന്നിവർ സംയുക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീലിന്റെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കും. തൃപുരയിൽ നിലവിൽ നടപ്പാക്കി വരുന്ന ഉപജീവന പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായവും പദ്ധതി നടത്തിപ്പിനുള്ള മാർഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനായി കുടുംബശ്രീയുമായി ധാരണയിലെത്താൻ താൽപര്യം പ്രകടിപ്പിച്ചതിനെ തുടർന്നാണ് പദ്ധതി. തൃപുരയിലെ ഗോമതി ജില്ലയിലെ മട്ടബാരി ബ്ലോക്കിലെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകൾ അഞ്ച് വില്ലേജ് കൗൺസിലുകൾ ജില്ലാ ബ്ലോക്കിലെ പതിനഞ്ച് വില്ലേജ് കൗൺസിലുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കും. ഇവിടങ്ങളിൽ പഞ്ചായത്ത്രാജ് സംവിധാനവും സാമൂഹ്യ സംഘടനാ സംവിധാനവും തമ്മിലുള്ള സംയോജന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള പിന്തുണയും സഹായവും കുടുംബശ്രീ നൽകും.

പഞ്ചായത്ത്രാജ് സംവിധാനവും സാമൂഹ്യ സംഘടനാ സംവിധാനവും മറ്റു സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുകയും അതോടൊപ്പം കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ മുഖേന സംരംഭ വികസനവും പുതിയ ബിസിനസ് മാതൃകകളും കണ്ടെത്തുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങളുമാണ്. കുടുംബശ്രീ ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നടപ്പാക്കിവരുന്നത്.

നിലവിൽ ആസാം, ബിഹാർ, ഗുജറാത്ത്, മഹാരാഷ്ട്ര, ജാർഖണ്ഡ്, കർണാടക, ഒഡീഷ, രാജസ്ഥാൻ, സിക്കിം, ഗോവ എന്നീ സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കിവരികയാണ്.

ദീപിക Thu, 15 December 2016
deepika.epapr.in//c/15369568

# കുടുംബശ്രീ ഇനി ത്രിപുരയിലും; ധാരണാപത്രം ഇന്ന് ഒപ്പുവയ്ക്കും

തിരുവനന്തപുരം > കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ മാതൃകയാക്കാൻ ത്രിപുരയും. ഇതുസംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരികിഷോർ, ത്രിപുര സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അരൂപ് രത്തൻ ശർമ എന്നിവർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ ടി ജലീലിന്റെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കും.

ത്രിപുരയിൽ നിലവിൽ നടപ്പാക്കുന്ന ഉപജീവന പ്രവർത്തനങ്ങൾക്ക് സാങ്കേതികസഹായവും പദ്ധതി നടത്തിപ്പിനുള്ള മാർഗനിർദേശങ്ങളുമാകും കുടുംബശ്രീ നൽകുക. ത്രിപുരയിലെ ഗോമതി ജില്ലയിലെ മട്ടബാരി ബ്ലോക്കിലെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകൾ, അഞ്ച് വില്ലേജ് കൗൺസിലുകൾ, ജില്ലാ ബ്ലോക്കിലെ പതിനഞ്ച് വില്ലേജ് കൗൺസിലുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കും. ഇവിടങ്ങളിൽ പഞ്ചായത്ത്‌രാജ് സംവിധാനവും സാമൂഹ്യ സംഘടനാ സംവിധാനവും തമ്മിലുള്ള സംയോജന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള പിന്തുണയും സഹായവും കുടുംബശ്രീ നൽകും.

ആസാം, ബിഹാർ, ഗുജറാത്ത്, മഹാരാഷ്ട്ര, ജാർഖണ്ഡ്, കർണാടക, ഒഡീഷ, രാജസ്ഥാൻ, സിക്കിം, ഗോവ എന്നീ സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കിവരികയാണ്. പഞ്ചായത്ത്‌രാജ് സംവിധാനവും സാമൂഹ്യ സംഘടനാ സംവിധാനവും മറ്റ് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുകയും അതോടൊപ്പം കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ മുഖേന സംരംഭ വികസനവും പുതിയ ബിസിനസ് മാതൃകകളും കണ്ടെത്തുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങളുമാണ് കുടുംബശ്രീ ഇവിടങ്ങളിൽ നടപ്പാക്കുന്നത്.

► ഹരിതകേരളം പദ്ധതി

# കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണം നടത്തി

തിരുവനന്തപുരം > ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണപ്രവർത്തനം നടത്തി. കുടുംബശ്രീ ഡയറക്ടർ എൻ കെ ജയ, പ്രോഗ്രാം ഓഫീസർ [illegible] എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന മിഷനിലെ അമ്പതോളം ജീവനക്കാരാണ് ഇതിൽ പങ്കാളികളായത്. നഗരസഭാ ജീവനക്കാരും കുടുംബശ്രീക്കാരോടൊപ്പം പങ്കെടുത്തു.

രാവിലെ എട്ടിനാണ് ശുചീകരണം ആരംഭിച്ചത്. ഐരാണിമുട്ടം - കാലടി റോഡിലെ ഹോമിയോ കോളേജിനു സമീപത്തെ മാലിന്യം പൂർണമായും നീക്കിയ ശേഷം ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ശുചീകരിച്ചു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ നേതൃത്വത്തിൽ ജില്ലയിൽ എട്ട് പ്രദേശമാണ് ശുചീകരിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ ഐരാണിമുട്ടത്തെ ശുചീകരണ പരിപാടികൾ കുടുംബശ്രീ ഏറ്റെടുക്കുകയായിരുന്നു.

വെട്ടൂർ സർവീസ് സ

# കുടുംബശ്രീ മാതൃക ത്രിപുരയിലും: ധാരണാപത്രം ഇന്ന്

തിരുവനന്തപുരം● കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ മാതൃകയാക്കാൻ ത്രിപുരയും.

ഇതു സംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറും ത്രിപുര സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ അരൂപ് രത്തൻ ശർമയും ഇന്നു മന്ത്രി ഡോ. കെ.ടി.ജലീലിന്റെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കും.ത്രിപുരയിലെ ഗോമതി ജില്ലയിലെ മട്ടബാരി ബ്ലോക്കിലെ 12 ഗ്രാമപഞ്ചായത്തുകൾ, അഞ്ചു വില്ലേജ് കൗൺസിലുകൾ, ജില്ലാ ബ്ലോക്കിലെ 15 വില്ലേജ് കൗൺസിലുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കും.നിലവിൽ അസം, ബിഹാർ, ഗുജറാത്ത്, മഹാരാഷ്ട്ര, ജാർഖണ്ഡ്, കർണാടക, ഒഡീഷ, രാജസ്ഥാൻ, സിക്കിം, ഗോവ സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കിവരികയാണ്.

അവലംബം: സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

# കുടുംബശ്രീ മാതൃക ത്രിപുരയിലും

**തിരുവനന്തപുരം:** കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീ ശാക്തികരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ മാതൃകയാക്കാൻ ത്രിപുരയും. ഇതിനായുള്ള ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ എസ്.ഹരികിഷോർ, ത്രിപുര ഗ്രാമീണ ഉപജീവന മിഷൻ സി.ഇ.ഒ. അരൂപ് രത്തൻ ശർമ എന്നിവർ ഒപ്പുവയ്ക്കും.

ത്രിപുരയിൽ ഉപജീവന പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായവും പദ്ധതി നടത്തിപ്പിനുള്ള മാർഗനിർദേശങ്ങളുമാണ് കുടുംബശ്രീ നൽകുക. ത്രിപുരയിലെ ഗോമതി ജില്ലയിലെ മട്ടബാരി ബ്ലോക്കിലെ പന്ത്രണ്ട് ഗ്രാമപ്പഞ്ചായത്തുകൾ, അഞ്ച് വില്ലേജ് കൗൺസിലുകൾ, ജില്ലാ ബ്ലോക്കിലെ പതിനഞ്ച് വില്ലേജ് കൗൺസിലുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കും. അസം, ബിഹാർ, ഗുജറാത്ത്, മഹാരാഷ്ട്ര, ജാർഖണ്ഡ്, കർണാടക, ഒഡീഷ, രാജസ്ഥാൻ, സിക്കിം, ഗോവ എന്നി സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക ഇപ്പോൾ നടപ്പാക്കുന്നുണ്ട്.

മാതൃഭൂമി Thu, 15 December 2016
digitalpaper.mathrubhumi.com/c/15370055